**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 552

5.7.2013 ൽ
മറുപടിയ്ക്ക്

**സപ്ലൈകോ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീമതി. കെ.എസ്. സലീഖ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; | എ) ഉണ്ട്. |
| ബി) ഗുണനിലവാരം കുറഞ്ഞ വസ്തുക്കളാണ് പൊതുവിതരണ ശൃംഖല വഴി സംസ്ഥാനത്ത് വിൽപ്പന നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എഫ്.സി.ഐ.ഡിപ്പോകളിൽ നിന്നും വിതരണം ചെയ്യപ്പെടുന്ന സ്റ്റോക്ക് വിതരണത്തിന് മുമ്പ് എഫ്.സി.ഐയിലെ ക്വാളിറ്റി പരിശോധനാ ഉദ്യോഗസ്ഥർ, ജില്ലാ സപ്ലൈ ഓഫീസർമാർ എന്നിവർ പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തുന്നുണ്ട്. എഫ്.സി.ഐ/ എ.ഡബ്ല്യൂ.ഡി കളിൽ നിന്നും സാമ്പിൾ വിതരണം ചെയ്യുകയും എ.ആർ.ഡി കളിൽ സാമ്പിൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ഗുണനിലവാരം കുറഞ്ഞ റേഷൻ സാധനങ്ങൾ യാതൊരു കാരണവശാലും വിട്ടെടുക്കരുതെന്നും വിതരണം ചെയ്യരുതെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യ വസ്തുക്കൾ സപ്ലൈകോ ചില്ലറ വിൽപ്പനശാലകൾ വഴി സംസ്ഥാനത്ത് വിൽപ്പന നടത്തുന്നില്ല. |
| സി) ടെണ്ടർ ലഭിച്ച ശേഷം കരാറുകാർ സപ്ലൈകോയിലെ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് ഗുണനിലവാരമില്ലാത്ത വസ്തുക്കൾ വിതരണം ചെയ്യുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;<br>ഡി) ഇത്തരം നടപടികളുടെ ഭാഗമായി എത്ര കേസുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ ; | സി) യും ഡി) യും<br>ടെൻണ്ടർ ലഭിച്ചശേഷം കരാറുകാർ സപ്ലൈകോയിലെ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് ഗുണനിലവാരം ഇല്ലാത്ത ഭക്ഷ്യ വസ്തുക്കൾ സപ്ലൈകോയ്ക്ക് വിതരണം ചെയ്തതായി ആരോപിക്കപ്പെടുന്ന രണ്ട് കേസുകൾ താഴെ പറയുന്നവയാണ്. |

→

1. തിരുവനന്തപുരം വലിയതുറ ഡിപ്പോയിൽ നിലവാരം കുറഞ്ഞ ഉഴുന്നുപരിപ്പ് വിതരണം ചെയ്തതിന് നിഹാന ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന് എതിരായി സപ്ലൈകോ നൽകിയിട്ടുള്ള കേസ് എറണാകുളം സി.ജെ.എം കോടതിയുടെ പരിഗണനയിൽ ആണ്.
2. തിരുവനന്തപുരം, നെടുമങ്ങാട്, നെയ്യാറ്റിൻകര ഡിപ്പോകളിൽ ചുവന്ന വൻപയറിന് പകരം വെള്ള വൻപയർ നൽകി സപ്ലൈകോയ്ക്ക് നഷ്ടം ഉണ്ടാക്കിയതായി അന്വേഷണത്തിൽ നിന്നും മനസ്സിലാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ മേൽ വകുപ്പുതല അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കോടതിയിൽ കേസുകളൊന്നും നിലവിലില്ല.

ഇ) നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വാങ്ങിയതിന് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; സ്വീകരിച്ച നടപടി റദ്ദു ചെയ്തിട്ടുണ്ടോ ?

ഇ) 23.9.10 ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സപ്ലൈകോയുടെ തൃശ്ശൂർ, ചാവക്കാട്, ചാലക്കുടി. പാലക്കാട്, എറണാകുളം ഡിപ്പോകളിൽ പരിശോധന നടത്തിയതിൽ പാലക്കാട് ഒഴികെയുള്ള ഡിപ്പോകളിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തു. തൃശ്ശൂർ ജില്ലാ ഡിപ്പോയിലെ ക്രമക്കേടുകൾക്ക് ശ്രീ. എസ്. സെബാസ്റ്റ്യൻ - ഡിപ്പോ മാനേജർ, ശ്രീമതി. കെ. വിജയലക്ഷ്മി - ജൂനിയർ മാനേജർ (ക്യൂ.എ), ശ്രീ. കെ.വി.വിനോഷ് - SA II (സ്റ്റോക്ക് കസ്റ്റോഡിയൻ) എന്നിവരെയും എറണാകുളം ഡിപ്പോയിലെ ക്രമക്കേടുകൾക്ക് സ്റ്റോക്ക് കസ്റ്റോഡിയനായിരുന്ന ജൂനിയർ അസിസ്റ്റന്റ് ശ്രീ. റ്റി.എ. അബ്ദുള്ളയെയും സർവ്വീസിൽ നിന്നും സസ്പെന്റു ചെയ്തു. കൂടാതെ എറണാകുളം ഡിപ്പോയിലെ ജൂനിയർ മാനേജർ (ക്യൂ.എ) (താൽക്കാലികം) ശ്രീമതി. അശ്രബക്കറെ സർവ്വീസിൽനിന്നും പിരിച്ചു വിടുകയും ചെയ്തു. മേൽ വിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ 11.1.11 -ലെ E7(SC06/2010/CRE)25792/2010 നമ്പരായി വിജിലൻസ് വകുപ്പിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ കണ്ട ഡിപ്പോകളിലെ ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു.

ചുവന്ന വൻപയറിനുപകരം ടെണ്ടറിനു വിരുദ്ധമായി ഗുണനിലവാരം കുറഞ്ഞ വെള്ള വൻപയർ ഡിപ്പോകളിൽ സ്വീകരിച്ചതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിലെ ജൂനിയർ മാനേജർമാർ, അസിസ്റ്റന്റ് മാനേജർമാർ, അസിസ്റ്റന്റ് മാനേജർ (ക്യൂ.സി) എന്നിവർക്കെതിരെ വകുപ്പുതലത്തിൽ കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ ആരംഭിച്ചു. ആരംഭിച്ച അച്ചടക്ക നടപടികൾ റദ്ദു ചെയ്തിട്ടില്ല.

Beena

സെക്ഷൻ ഓഫീസർ